2009, ഖുത്വ്ബ നമ്പര്‍- 10

بسم الله الرحمن الرحيم

# ഇത് ആത്മീയ യുദ്ധത്തിന്റെ കാലം

06.03.2009
ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

ഹദ്റത്ത് അബ്ദസ് മസീഹ് മൗഊദ് (അ) വിവിധ സമയത്ത് ജമാഅത്തിന് നല്‍കിയിരിക്കുന്ന ഉപദേശങ്ങളില്‍ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യത്തെക്കുറിച്ചും ജമാഅത്തംഗങ്ങളുടെ ഉത്തരവാദിത്വങ്ങളെകുറിച്ചും പരാമര്‍ശിക്കുന്നുണ്ട്. ഈ ഉത്തരവാദിത്വങ്ങള്‍ പൂര്‍ത്തീകരിക്കുന്നതിനായി ചെയ്യപ്പെടുന്ന പരിശ്രമങ്ങളുടെ ഫലമായി ജമാഅത്തിന് അല്ലാഹുവിന്റെ ഫള്ല്‍ ഇറങ്ങുന്നതാണെന്നും അല്ലാഹു ആ മഹാത്മാവിനോട് വാഗ്ദാനം ചെയ്തിട്ടുണ്ട്. ജമാഅത്തിനെ ഏതൊരു ഉന്നതസ്ഥാന ത്താണ് അല്ലാഹു എത്തിക്കാന്‍ ഉദ്ദേശിക്കുന്നതെന്നും ആ മഹാത്മാവ് വിവരിക്കുകയുണ്ടായി. ഇതു സംബന്ധമായി ചില കാര്യങ്ങള്‍ ഞാനിപ്പോള്‍ നിങ്ങളുടെ മുമ്പാകെ വെക്കുന്നതാണ്. ഇതുകേള്‍ക്കുമ്പോള്‍ നമുക്ക് നമ്മുടെ ഉത്തരവാദിത്വങ്ങളെകുറിച്ച് ബോധമുണ്ടായിത്തീരുന്നതും അത് അയവിറക്കിക്കൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരുന്നതുമാണ്. ജമാഅത്തുമായി ഒട്ടിപ്പിടിച്ചു നില്‍ക്കുമ്പോള്‍ നമുക്ക് ലഭിക്കാന്‍ പോകുന്ന ഫള്ലിന്റെ ഉടമസ്ഥരായി നാം മാറുകയും ചെയ്യുന്നതാണ്. ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു;

"ഈ കാലവും ആത്മീയയുദ്ധത്തിന്റെ കാലമാണ്. ശൈത്താനുമായുള്ള യുദ്ധം തുടങ്ങിയിരിക്കുന്നു. ശൈത്താന്റെ എല്ലാ കുതന്ത്രങ്ങളും അടവുകളും ഉപയോഗിച്ചുകൊണ്ട് ഇസ്‌ലാമിനെ ആക്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിനെ പരാജയപ്പെടുത്താന്‍ അവര്‍ ആഗ്രഹിക്കുന്നു. എന്നാല്‍ ശൈത്താനുമായുള്ള ഈ അന്തിമയുദ്ധത്തില്‍ അല്ലാഹു അവനെ എന്നന്നേക്കുമായി പരാജയപ്പെടുത്തുന്നതിന്നായാണ് ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുന്നത്. ഈ കാര്യങ്ങളെ മനസ്സിലാക്കുന്നവര്‍ അനുഗ്രഹീതര്‍."

ഈ പ്രസ്ഥാനത്തില്‍ പ്രവേശിക്കാന്‍ നമുക്ക് ഭാഗ്യം ലഭിച്ചത് അല്ലാഹു നമ്മോട് ചെയ്തിരിക്കുന്ന വലിയ ഔദാര്യമാണ്. നമ്മളില്‍ ചിലര്‍ക്ക് അവരുടെ പൂര്‍വ്വികരുടെ നന്മ കാരണമായി ഈ സത്യം മനസ്സിലാക്കുവാനുള്ള തൗഫീഖ് ലഭിച്ചു. അങ്ങിനെ നാം അഹ്മദീ കുടുംബത്തില്‍ ജനിക്കുകയും ചെയ്തു. എന്നാല്‍ ചിലര്‍ക്ക് ബൈഅത്ത് ചെയ്ത് സ്വയം ഈ പ്രസ്ഥാനത്തില്‍ പ്രവേശിക്കുവാനുള്ള തൗഫീഖ് ലഭിക്കുകയും ചെയ്തു. ഈ ഒരു രീതി ഇന്നും തുടര്‍ന്നുകൊണ്ടിരിക്കുകയാണ്. ഇന്‍ശാ അല്ലാഹ് ഇത് തുടര്‍ന്ന് കൊണ്ടുപോകുന്നതാണ്. ശൈത്താന്നെതിരില്‍ ഇസ്‌ലാമിന്റെ അവസാനയുദ്ധത്തില്‍ പങ്കെടുക്കുന്ന സൈന്യത്തില്‍ ചേരുന്നതിനുവേണ്ടിയാണ് നാം ഇതില്‍ പ്രവേശിച്ചത്. അങ്ങിനെ നമുക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാന്‍ സാധിക്കുന്നതാണ്. ഈ കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചു എന്ന ഒറ്റ കാരണത്താല്‍ പല നാടുകളിലും നമ്മില്‍പെട്ടവര്‍ക്ക് വിവിധപ്രയാസങ്ങളും മര്‍ദ്ദനങ്ങളും ഏല്‍ക്കേണ്ടിവരുന്നു. എന്നാല്‍ ഒരു മഹത്തായ ലക്ഷ്യസാക്ഷാത്കാരത്തിന്നായുള്ള നമ്മുടെ ഈ ത്യാഗങ്ങളെല്ലാം വളരെ നിസ്സാരമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങിനെയുള്ള പരീക്ഷണങ്ങളെ കുറിച്ചും വിഷമഘട്ടങ്ങളെ കുറിച്ചും എപ്പോഴും നമ്മേ ഉണര്‍ത്തിയിട്ടുള്ളതാണ്. പല ലിഖിതങ്ങളിലും അത് ഇന്നും നമുക്ക് കാണാന്‍ സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ ഇതിനുശേഷം സുവാര്‍ത്തകളും നല്‍കിയിട്ടുണ്ട്. ആ മഹത്മാവ് അരുളുന്നു; "ഇപ്പോള്‍ എന്നെ സ്വീകരിക്കുന്നവര്‍ക്ക് ബാഹ്യമായി നോക്കുമ്പോള്‍ തങ്ങളുടെ നഫ്സിനോട് ഒരു മഹത്തായ യുദ്ധം ചെയ്യേണ്ടതായിവരും. ചിലപ്പോള്‍ അവര്‍ക്ക് തന്റെ കുടുംബത്തോട് തന്നെ അകലേണ്ടതായി വന്നേക്കാം. അവന്റെ ഭൗതിക ബിസിനസ്സില്‍ തടസ്സങ്ങള്‍ സൃഷ്ടിക്കപ്പെട്ടേക്കാം. അവന് തെറിവാക്കുകള്‍ കേള്‍ക്കേണ്ടതായും വന്നേക്കാം. ശാപവാക്കുകളും കേള്‍ക്കേണ്ടി വരും. എന്നാല്‍ ഇതിന്റെ എല്ലാം പ്രതിഫലം അവന് അല്ലാഹുവിന്റെ പക്കല്‍ ലഭിക്കുന്നതാണ്."

ഇക്കാലത്തും നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലുള്ള ഇതേ അവസ്ഥ ചില നാടുകളില്‍ അക്ഷരംപ്രതി പുലരുന്നതായിക്കാണുന്നു. ത്യാഗങ്ങള്‍ ചെയ്യുന്ന അഹ്മദികള്‍ ഇന്നും തീര്‍ച്ചയായും അല്ലാഹുവിന്റെ പ്രതിഫലം കരഗതമാക്കുന്നവര്‍ തന്നെയാണ്. ഇക്കാലത്ത് പ്രത്യേകിച്ച് പാകിസ്ഥാനിലും ഇന്ത്യയിലും അനഹ്മദികള്‍ നവ അഹ്മദികളോട് അതിനീചമായ അക്രമപ്രവര്‍ത്തനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയില്‍ പ്രത്യേകിച്ചും ഇത് കാണാം. പാകിസ്ഥാനില്‍ പുതിയ ഗവണ്‍മെന്റ് വന്നതിന് ശേഷം അഹ്മദികളോട് ചെയ്യുന്ന ഏതൊരക്രമവും അനീതിയും സല്‍ക്കര്‍മ്മമായി പരിഗണിക്കപ്പെട്ടിരിക്കുകയാണ്. ഗവണ്‍മെന്റ് മൗലവിമാരെ തുറന്നു വിട്ടിരിക്കുകയാണ്. ഇവരുടെ മനസ്സിലിരിപ്പ് വളരെ ഭയാനകവും അപകടകരവുമാണ്. നിയമം എന്നൊന്ന് നാട്ടില്‍ ഇല്ലേ ഇല്ല. അഹ്മദികളെ സംബന്ധിച്ചാണെങ്കില്‍ ഒരു നിയമവും തന്നെ രക്ഷക്കായിട്ടില്ല താനും. ഇവര്‍ ജമാഅത്തിന്നെതിരില്‍ വിനാശകരമായ പദ്ധതി ആസുത്രണം ചെയ്യുമ്പോഴൊക്കെത്തന്നെ അല്ലാഹു അവരുടെ കുതന്ത്രങ്ങള്‍ അവരിലേക്ക് തന്നെ മറിച്ചിടുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്യുന്ന വലിയ ഫള്ലാണ്. കഴിഞ്ഞ കുറച്ച് വര്‍ഷങ്ങളായി നാം ഇത് കണ്ട് കൊണ്ടിരിക്കുന്നു. ഈ അടുത്തിടെയും ജമാഅത്തിന്നെതിരില്‍ വലിയ നിഗൂഢപദ്ധതി ഇവര്‍ ആസൂത്രണം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. എന്നാല്‍ അല്ലാഹു നാട്ടില്‍ പെട്ടെന്ന് അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും അവര്‍ക്ക് ആ അരക്ഷിതാവസ്ഥ ശരിയാക്കുന്നതിലേക്ക് തിരിയേണ്ടതായി വരികയും ചെയ്തു.

അഹ്മദികള്‍ അക്രമിക്കപ്പെടുന്ന സ്ഥലങ്ങളിലുള്ളവരെല്ലാം തന്നെ ഓര്‍ത്തിരിക്കേണ്ടത് ഇത് ശൈത്താനുമായുള്ള അവസാനയുദ്ധമാണെന്നാണ്. അല്ലാഹുവിന്റെ പ്രീതിക്കായി ഇക്കാലത്തെ ഇമാം നിര്‍മ്മിച്ചിരിക്കുന്ന സൈന്യത്തിലാണ് നിങ്ങള്‍ ചേര്‍ന്നിരിക്കുന്നത്. അതി

നാൽ നിങ്ങളുടെ വിശ്വാസങ്ങളെ ദൃഢപ്പെടുത്തിക്കൊണ്ട് അല്ലാഹുവിനോട് സഹായംതേടിക്കൊണ്ട് ക്ഷമയുടെയും സഹനത്തിന്റെയും മാതൃക കാണിക്കുക. അല്ലാഹുവിന്റെ മുമ്പിൽ കൂടുതലായി കുമ്പിട്ടുകൊണ്ടിരിക്കുക. അന്തിമ വിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനു തന്നെയാണ്. ഈ താഗൂത്തിശക്തികളെ പരാജയപ്പെടുത്തുന്നതിനാണ് അല്ലാഹു ഈ പ്രസ്ഥാനം സ്ഥാപിച്ചിരിക്കുന്നത് എന്നാണ് ആ മഹാത്മാവ് പറഞ്ഞിട്ടുള്ളത്.

എന്നാൽ ഒരു കാര്യം എപ്പോഴും നാം ഓർത്തിരിക്കണം; ബാഹ്യമായ ശൈത്താനെ പരാജയപ്പെടുത്തുന്നതിന് ആന്തരികമായ ശൈത്താനെയും പരാജയപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി നാം ബന്ധപ്പെട്ട് നിൽക്കുന്നതിനാൽ ബാഹ്യശക്തികളെക്കൊണ്ടല്ല നമുക്ക് വിജയം കൈവരിക്കുക. മറിച്ച് ദുആ മുഖേനയാണ് നമുക്ക് വിജയം ലഭിക്കുന്നത്. ദുആ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി നമ്മെ അല്ലാഹുവിന്റെ പ്രീതിക്കനുസൃതമായി നടക്കുന്നവരായി നാം മാറ്റേണ്ടതാണ്. അതിന് നഫ്സിനോടുള്ള ജിഹാദും അനിവാര്യം തന്നെ. ഇക്കാര്യത്തെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു; "ദേഹേച്ഛകൾ ശിർക്കാണ്. അത് ഹൃദയത്തിൽ മറയിടുന്നു. ബൈഅത്ത് ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവന് കാലിടറാനുള്ള അവസരങ്ങൾ ഉണ്ടാകും". (ബൈഅത്ത് ചെയ്യുന്നത് ചിന്തിച്ച് ആലോചിച്ചതിനുശേഷമാണ്. ആദ്യകാല അഹ്മദികളാണെങ്കിൽക്കൂടി ചില കാര്യങ്ങൾ അവർക്കും കാലിടറാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു.)

അരുളുന്നു; " മനുഷ്യൻ ദേഹേച്ഛകളെ കൈവെടിഞ്ഞ് സ്വച്ഛമായ തൗഹീദിൽ പദമൂന്നുക എന്നതാണ് ഈ പ്രസ്ഥാനം കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ ദേഹേച്ഛകളിൽനിന്നും നമ്മുടെ ഹൃദയത്തെ പരിശുദ്ധമാക്കിക്കൊണ്ട് അല്ലാഹുവിന്റെ തൗഹീദിന്റെ സ്ഥാപനത്തിന്നായി നിലകൊള്ളാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ചിലർ ബൈഅത്ത് ചെയ്തതിനുശേഷവും പുറത്തേക്ക് പോകുന്നു. ഇതിനുകാരണം ബൈഅത്ത് ചെയ്യുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം എപ്പോഴും മുമ്പിൽ വെക്കാത്തതുകൊണ്ടാണ്. ബൈഅത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം പൂർണ്ണമായും തന്നെ അല്ലാഹുവിൽ അർപ്പിക്കുകയും തന്റെ ഹൃദയത്തെ സർവ്വവിധ ശിർക്കിൽ നിന്നും വിശുദ്ധമാക്കുകയും ചെയ്യുക എന്നതാണ്."

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് അരുളുന്നു; "ലോകത്തിന് തഖ്വയും പരിശുദ്ധിയും ഉൾക്കൊള്ളുന്ന ജീവിതമാതൃക കാണിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് അവൻ ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചിരിക്കുന്നത്. അവൻ ഹൃദയവിശുദ്ധിയാണ് ആഗ്രഹിക്കുന്നത്. ഒരു പരിശുദ്ധ ജമാഅത്തിനെ ഉണ്ടാക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം."

ഇക്കാലത്ത് ലോകത്ത് അശ്ലീലങ്ങൾ അതിന്റെ ഉത്തുംഗതയിൽ എത്തിയിരിക്കുന്നു. സൃഷ്ടാവിനോടുള്ള കടമ നിറവേറ്റുന്നതിലോ സൃഷ്ടകളോടുള്ള കടമ നിറവേറ്റുന്നതിലോ ശ്രദ്ധയില്ല. ഫിത്നയും കുഴപ്പവും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. ഒരു മുസ്ലിം ദൈവത്തിന്റെ പേരിൽ മറ്റൊരു മുസ്ലിമിന്റെ കഴുത്തറുക്കുന്നു. അല്ലാഹുവിന്റെ പേരിൽ നേടിയെടുത്ത നാട്ടിൽ അല്ലാഹുവിന്റെ മതത്തിന്റെ ഭരണം ഞങ്ങൾ സ്ഥാപിക്കുന്നതാണെന്ന് ഒരു ഭാഗത്ത് കൊട്ടിഘോഷിക്കുമ്പോൾ മറുഭാഗത്ത് മതത്തിന്റെ പേരിൽ വ്യക്തിതാത്പര്യങ്ങൾക്കുവേണ്ടി കലിമ ചൊല്ലുന്നവരുടെ രക്തം കൊണ്ട് പന്താടുകയാണ്. ഇന്ന് ലോകം പാകിസ്ഥാനെ കാണുന്നത് അക്രമത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും ഭീകരമായ ഒരു സത്വമായിട്ടാണ്. അല്ലാഹു നമ്മുടെ നാടിനോടും കരുണ ചൊരിയുമാറാകട്ടെ. ഈ നാടിനുവേണ്ടി ജമാഅത്ത് വലിയ ത്യാഗങ്ങളാണ് ചെയ്തിട്ടുള്ളത്. പാകിസ്ഥാനീഅഹ്മദികൾ ഈ കാര്യം ഓർത്തിരിക്കേണ്ടതാണ്. ഇന്ന് ഈ നാടിനെ ആർക്കെങ്കിലും രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ, ഈ അരാജകത്വത്തിൽനിന്നും അക്രമത്തിൽനിന്നും അനീതിയിൽ നിന്നും ഈ നാടിനെ രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ് (അ) തയ്യാറാക്കിയ കപ്പലിനുമാത്രമേ സാധിക്കുകയുള്ളൂ. ആ കപ്പലിലാണ് അല്ലാഹുവിന്റെ ഫള്ലുകൊണ്ട് നാം സഞ്ചരിക്കുന്നത്. അതുകൊണ്ട് നിതാന്തപരിശ്രമത്തിലൂടെ നമ്മെ അതിന് അർഹരാക്കിമാറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് തങ്ങളുടെ സമൂഹങ്ങൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്. അവർ ബുദ്ധിയോടെ പ്രവർത്തിക്കട്ടെ എന്നും നാമധാരികളായ നേതാക്കന്മാരെ പിൻപറ്റിക്കൊണ്ട് തങ്ങളുടെ ജീവിതത്തെയും രാഷ്ട്രത്തിന്റെ നിലനിൽപ്പിനെയും കുരുതികൊടുക്കാതിരിക്കട്ടെ എന്നും പ്രാർത്ഥിക്കുക.

ഈ രണ്ട് ഉത്തരവാദിത്വങ്ങളാണ് ഒരു അഹ്മദിയിൽ നിക്ഷിപ്തമായിട്ടുള്ളത്. പ്രത്യേകിച്ച് പാകിസ്ഥാനി അഹ്മദികൾക്ക്. കാരണം അവിടത്തെ അവസ്ഥ വളരെ വഷളായിക്കൊണ്ടിരിക്കുകയാണ്. ഇതേപോലെ ലോകത്ത് എവിടെയെല്ലാം അവസ്ഥ മോശമാണോ -പൊതുവിൽ എല്ലായിടത്തും കാണുന്നതിതാണ്- അവർക്കൊക്കെ വേണ്ടി അഹ്മദികൾ ദുആ ചെയ്യേണ്ടതാണ്.

സാമ്പത്തികശേഷി നൽകപ്പെട്ടിട്ടുള്ള അഹ്മദികളിൽ ചിലർ താൻ എന്തിന് അഹ്മദിയായി എന്ന കാര്യം മറന്നുപോകുന്നു. ഭൗതികജോലികളിൽ ആവശ്യത്തിൽ കൂടുതൽ മുഴുകുന്നു. ജമാഅത്തിന്റെ ചട്ടവും ഇസ്ലാമിന്റെ അദ്ധ്യാപനവും ശ്രദ്ധിക്കാറില്ലെന്ന പരാതി പലപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. അവർ ഏറ്റവും സുപ്രധാനമായ തൗഹീദിന്റെ പുനഃസ്ഥാപനത്തിനായും മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമായ ഇബാദത്തിനെ-നമസ്കാരത്തെ- നിലനിർത്തുന്ന കാര്യത്തിലും തീരെ ശ്രദ്ധിക്കുന്നില്ല. ഇത് നമ്മെ വ്യാകുലചിത്തരാക്കുന്ന അവസ്ഥയാണ്. നമ്മിൽ നിന്നുള്ള ഏതെങ്കിലും ഒരു വ്യക്തിയുടെ ബലഹീനത ***ലൈസമിൻ അഹ്ലിക്ക*** എന്ന അല്ലാഹുവിന്റെ വചനത്തിന് അനുഗുണമാകാതിരിക്കട്ടെ. അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. '***ഇന്നഹു അമലും ഗൈറു സ്വാലിഹീൻ***', അവന്റെ പ്രവർത്തനം സ്വാലിഹായതായിരുന്നില്ല. അല്ലാഹു ഒരിക്കലും ഒരിക്കലും അങ്ങിനെ ആക്കാതിരി

ക്കട്ടെ. ബൈഅത്തിൽ പ്രവേശിച്ച ഒരു വ്യക്തിയുടെ സ്ഥാനം പോലും അല്ലാഹുവിന്റെ മുമ്പിൽ ഇങ്ങിനെ ആകാതിരിക്കട്ടെ. ഇക്കാര്യമോർത്ത് നാം ഭയചകിതരാകേണ്ടതാണ്. അല്ലാഹുവിന്റെ പക്കൽ സ്വാലിഹായിരിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ അവൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. സ്വയംനിർമ്മിത നന്മകളെ അളവുകോലാക്കുന്നവരായി നാം മാറാതിരിക്കട്ടെ. ഇക്കാലത്തെ ഇമാം നന്മയുടെ ഏതൊരു സ്ഥാനമാണോ നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത് അത് കരസ്ഥമാക്കുന്നവരായി നാം മാറട്ടെ. ആ മഹാത്മാവ് അരുളുന്നു; "ഈ ജമാഅത്ത് തഖ്‌വ സ്വീകരിക്കാത്തിടത്തോളം കാലം മോക്ഷം പ്രാപിക്കുന്നതല്ല. അവരെ അല്ലാഹുതആല തന്റെ സംരക്ഷണത്തിൽ എടുക്കുന്നതുമല്ല. ഈ പ്രയാസത്തിൽനിന്നും (പ്ലേഗ്) ഈ ജമാഅത്തിനെ സംരക്ഷിക്കും എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. എന്നാൽ അതിനും ചില നിബന്ധനകൾ ബാധകമാണ്. ''***ലാ യൽബിസൂ ഈമാനഹും ബിളുൽമിൻ***''. തങ്ങളുടെ വിശ്വാസത്തിൽ അക്രമം കലർത്താത്തവരൊഴികെ മറ്റുള്ളവർ സമാധാനത്തിൽ വർത്തിക്കുന്നതാണ്.

ഇക്കാലത്തും പല വിപത്തുകളും ഓരോ സ്ഥലത്തും വായതുറന്നിരിക്കുകയാണ്. അതിൽനിന്നെല്ലാം രക്ഷപ്പെടാനുള്ള മാർഗ്ഗം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുതന്നെയാണ്. അരുളുന്നു; അദ്ദാറി(വീട്)ലുള്ളവർ സംരക്ഷിക്കപ്പെടും എന്നു വാഗ്ദാനം നൽകിയിട്ടുണ്ടെങ്കിലും അതിലും നിബന്ധനവെച്ചിട്ടുണ്ട്. '*ഇല്ലല്ലദീന അലൗമിൻ ഇസ്തിഖ്ബാറിൻ*'. ഇതിൽ 'അലൗ' എന്ന വാക്കുകൊണ്ടുള്ള വിവക്ഷ വിനയത്തോടുകൂടി ഏതു രീതിയിലുള്ള അനുസരണമാണോ ആവശ്യമായിട്ടുള്ളത് അത് കാണിക്കാത്തവർ എന്നാണ്. മനുഷ്യൻ സദുദ്ദേശ്യത്തോടുകൂടി യഥാർത്ഥ സജ്ദ (സാഷ്ടാംഗം) ചെയ്യാത്തിടത്തോളം കാലം അവൻ 'അദ്ദാറിൽ' പ്രവേശിച്ചവനായിരിക്കില്ല. വിശ്വാസിയാണെന്ന അവന്റെ വാദം പൊള്ളയായിരിക്കും."

യഥാർത്ഥ അനുസരണം ഇല്ലാത്തിടത്തോളം കാലം ഞങ്ങൾ മുഅ്മിനാണ്, ബൈഅത്ത് ചെയ്തിട്ടുണ്ട് എന്ന വാദങ്ങളെല്ലാം പൊള്ളയാണ്. നമ്മിൽനിന്നും പ്രതീക്ഷിക്കുന്ന സ്ഥാനമാണിത്. തഖ്‌വയുടെ മാർഗ്ഗത്തിൽ ചലിക്കുന്നതിനുള്ള പ്രയത്നം, അനുസരണം, വിനയം എന്നിവയുടെ ഉന്നതസ്ഥാനം കരസ്ഥമാക്കുന്നതിനുള്ള പരിശ്രമം എന്നിവയാണ് ഒരു അഹ്മദി ചെയ്തു കൊണ്ടിരിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) കാണിച്ചുതന്ന മാർഗ്ഗത്തിലൂടെ സഞ്ചരിച്ചുകൊണ്ട് ആ മഹാത്മാവ് പ്രതീക്ഷയർപ്പിച്ച സ്ഥാനത്തേക്ക് എത്താൻ ഒരഹ്മദിക്ക് ഇതുമുഖേനയേ സാധിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു; നമ്മുടെ ജമാഅത്ത് ജമാഅത്തായി നിലനിൽക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ സ്വയം ഒരു മരണം വരിക്കേണ്ടതാണ്. ശാരീരികേച്ഛകളിൽനിന്നും ദേഹേച്ഛകളിൽനിന്നും രക്ഷപ്പെടുക. അല്ലാഹുവിനെ മറ്റെല്ലാ കാര്യത്തേക്കാളും മുന്തിക്കുക. വിവിധങ്ങളായ പ്രകടനാത്മകമായ പ്രവർത്തനങ്ങളും അനാവശ്യകാര്യങ്ങളും മനുഷ്യനെ നശിപ്പിച്ചുകളയുന്നു. അതുകൊണ്ട് നാം എപ്പോഴും ഒരാത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതും നമ്മിൽ കാണുന്ന ന്യൂനതകൾ പരിഹരിക്കാൻ പരിശ്രമിക്കേണ്ടതുമാണ്. ഓരോരുത്തരുടെയും ആത്മാവ് അവനെ ഇസ്‌ലാഹിന് പ്രേരിപ്പിക്കുന്നതായിതീരേണ്ടതാണ്. ഇസ്‌ലാഹി പ്രയത്നം വിജയിക്കേണമെങ്കിൽ പിടിവാശി ഉണ്ടാകാൻ പാടില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ ഒരു പരിശുദ്ധ ജീവിത മാതൃക നിലനാട്ടുക എന്ന മഹത്തായ ലക്ഷ്യമാണ് തനിക്കുള്ളതെന്ന് ഓരോ അഹ്മദിയും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. അതേപോലെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായി അവന്റെ കൽപ്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതും തന്റെ ലക്ഷ്യങ്ങളിൽപെട്ടതാണെന്ന് ഓർക്കുക. ഇത് സ്വയം നന്നാകുന്നതിന്നും അതോടൊപ്പം മറ്റുള്ളവർക്ക് അഹ്മദിയ്യത്തിനെ പരിചയപ്പെടുന്നതിനും അവർക്ക് അഹ്മദിയ്യത്തിലേക്ക് വഴി കാട്ടുന്നതിനും കാരണമായിത്തീരുന്നതാണ്.' ഇക്കാര്യം ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു;

"അപരിചിതരായ ഓരോ വ്യക്തിയും നിങ്ങളെ കാണുമ്പോൾ അവൻ നിങ്ങളെ ശരിക്കും പഠിക്കാൻ ശ്രമിക്കും. നിങ്ങളുടെ സ്വഭാവഗുണങ്ങൾ, നിങ്ങളുടെ ചലനങ്ങൾ, സ്ഥിരചിത്തത, അല്ലാഹുവിന്റെ കൽപ്പനകളെ പാലിക്കൽ, മറ്റുകൽപ്പനകൾ നിറവേറ്റൽ എന്നിവ അവൻ ശരിക്കും വീക്ഷിക്കുന്നതാണ്. ഇതെല്ലാം നല്ലതല്ലെന്ന് അവൻ അറിഞ്ഞാൽ നിങ്ങൾ മുഖേന അവന്റെ കാലിടറുന്നു. അതുകൊണ്ട് ഈ കാര്യങ്ങൾ എപ്പോഴും ഓർത്തിരിക്കുക."

മറ്റൊരവസരത്തിൽ അരുളി;''അല്ലാഹു ഇപ്പോൾ സത്യസന്ധരുടെ ഒരു ജമാഅത്ത് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് നമുക്ക് സിദ്ഖിന്റെ മാതൃക കാണിക്കേണ്ടിയിരിക്കുന്നു. എന്താണ് സിദ്ഖ്? ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; 'മനുഷ്യൻ സത്യത്തേയും സത്യസന്ധതയേയും പൊതുവിൽ ഇഷ്ടപ്പെടുന്നു. സത്യത്തെ തന്നെ തിരിച്ചറിയാനുള്ള അടയാളമാക്കുകയും ചെയ്യുന്നു. ആ സത്യസന്ധത അല്ലാഹുവിനെ കാണാൻ പ്രാപ്തമാകുന്ന അത്യുന്നതമായ ആ സിദ്ഖിനെ വലിച്ചുകൊണ്ടുവരുന്നു. "അല്ലാഹുവിനെ ഒരാൾ കണ്ടുകഴിഞ്ഞാൽ അവന്റെ ഏകത്വത്തെകുറിച്ചുള്ള ആത്മജ്ഞാനം അവന് സിദ്ധിക്കുന്നു. അല്ലാഹുവിന്റെ മഹ്‌രിഫത്ത് ലഭിച്ചുകഴിഞ്ഞാൽ പരിപൂർണ്ണ അനുസരണത്തിന്നായി അവൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ യഥാർത്ഥ ഇർഫാൻ അവന് കരഗതമാകുന്നു. നാനാതരം ശിർക്കിനോടും അവന് വെറുപ്പ് തോന്നുന്നു. അല്ലാഹുവിന്റെ യഥാർത്ഥ ദാസനായിത്തീരാനുള്ള ഉള്ളറിവ് അവന് കരഗതമാകുന്നു. അല്ലാഹുവിനു വേണ്ടി ക്ഷമയോടും ആത്മധൈര്യത്തോടും വിവിധങ്ങളായ പരീക്ഷണങ്ങളെയും പ്രയാസങ്ങളേയും സഹിക്കുവാനുള്ള ശക്തി അവന് കൈവരുന്നു. അല്ലാഹുവിൽ പൂർണ്ണമായ തവക്കുൽ ഉണ്ടായിത്തീരുന്നു. എല്ലാ

സൽഗുണങ്ങളും സ്വായത്തമാക്കുന്നതിന്നായി അവർ ശ്രമി ക്കുന്നു. ചുരുക്കത്തിൽ സിദ്ഖിന്റെ ഏറ്റവും ഉദാത്ത മായ മാതൃക കാണിക്കുന്നതിന്നായി സൃഷ്ടാവിനോടുള്ള കടപ്പാടും സൃഷ്ടികളോടുള്ള കടപ്പാടും പൂർത്തിയാക്കുന്ന കാര്യത്തിൽ എപ്പോഴും ശ്രദ്ധയുണ്ടായിത്തീരുന്നു.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെകുറിച്ച് വിവരിച്ചതിന്റെ ചുരുക്കമാണിത്. അല്ലാഹു സത്യസന്ധരുടെ ഒരു ജമാഅത്താണ് ഉണ്ടാക്കുന്നത്. ഈ കാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് നാം ഒരാത്മപരിശോധന നടത്തു കയാണെങ്കിൽ നാം ഭയപ്പെട്ടുപോകും. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് അവന്റെ മുമ്പിൽ കുനിയേണ്ടതാണ്. ഈ മാർഗ്ഗത്തിലൂടെ ചലിക്കണമെങ്കിലും അല്ലാഹുവിന്റെ ഫള്ൽ അനിവാര്യമാണ്. നാം എത്രതന്നെ പരിശ്രമിച്ചാലും അല്ലാഹുവിന്റെ ഫള്ൽ നമ്മുടെകൂടെ ഇല്ലാത്തിടത്തോളം കാലം നമുക്ക് ഒന്നും നേടാൻ സാധ്യമല്ല. അല്ലാഹു നാം ഓരോരുത്തരേയും തഖ്‌വയിൽ പദമൂന്നുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു; ദുഷ്പ്രവർത്തനത്തിന്റെയും ദുർനടപ്പിന്റയും അഗ്നിയിൽനിന്നും ഒരു ജമാഅത്തിനെ രക്ഷപ്പെടുത്താനും അവരെ ആത്മാർത്ഥരും മുത്തഖീങ്ങളുമായവരിൽ ഉൾപ്പെടുത്താനും അല്ലാഹു ആഗ്രഹിക്കുന്നു. (ഈ ജമാഅത്തിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തുമാറാകട്ടെ) മുത്തഖീങ്ങളുടെ ജമാഅത്ത് എന്നതുകൊണ്ടുള്ള വിവക്ഷ ബൈഅത്തിന്റെ നിബന്ധനകളനുസരിച്ച് ദീനിനെ ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നവരാണ്.

നമ്മളിലുള്ള ഓരോരുത്തരും ദീനിനെ ദുൻയാവിനേക്കാൾ മുൻഗണന നൽകിക്കൊണ്ട് മുത്തഖീങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്നവരായിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായി നാം മാറട്ടെ. നമ്മുടെ വ്യക്തിപരമായ ആഗ്രഹപൂർത്തീകരണത്തിന്നായോ സ്വാഭിമാനം കാരണമായോ അല്ലാഹുവിന്റെ കൽപ്പനകളെ നിരാകരിക്കുന്നവരായി നാം മാറാതിരിക്കട്ടെ. നാം മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരട്ടെ. നമ്മുടെ സന്താനങ്ങൾ നമ്മുടെ പാതപിൻതുടർന്നുകൊണ്ട് നമുക്കായി പ്രാർത്ഥിക്കുന്നവരായി മാറട്ടെ. നാം മുഖേന അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം സ്വീകരിക്കാൻ ഭാഗ്യംകിട്ടിയവരും നമുക്കായി പ്രാർത്ഥിക്കുന്നവരായി മാറട്ടെ.

ജമാഅത്ത് വിജയിക്കും, അത് വ്യാപിക്കും ഇൻശാ അല്ലാഹ്. കഴിഞ്ഞ നൂറിൽകൂടുതൽ വർഷമായി നാം ഇത് കണ്ടുവരുന്നുണ്ട്. അല്ലാഹു തന്റെ റഹ്മത്തിന്റെ ഹസ്തം ജമാഅത്തിനുമീതെ വെച്ചിരിക്കുകയാണ്. ലക്ഷക്കണക്കിന് സ്വാത്തികരായ ആത്മാക്കൾ ഈ ജമാഅത്തിൽ ഓരോ വർഷവും പ്രവേശിച്ചു കൊണ്ടിരിക്കുകയാണ്. നവാഗതർക്കും അല്ലാഹു സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ. അവരെ കൃതജ്ഞതയുള്ളവരാക്കി മാറ്റട്ടെ.

ജമാഅത്തിന്റെ അംഗബലവും കെട്ടുറപ്പും വർദ്ധിക്കുന്നതനുസരിച്ച് അസൂയയുടെ അഗ്നിയും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇക്കാര്യം പലവുരു ഞാൻ പറഞ്ഞിട്ടുള്ളതാണ്. ജമാഅത്ത് നശിക്കുന്നതും പ്രതീക്ഷിച്ചു കൊണ്ടാണ് എതിരാളികൾ ഇരിക്കുന്നത്. ഇതാ ഇപ്പോൾ ജമാഅത്ത് നശിക്കുന്നത് നമുക്ക് കാണാം എന്ന് അവർ മനഃക്കണക്ക് കൂട്ടുന്നു. എന്നാൽ അല്ലാഹുവിന്റെ ഫള്ൽ എപ്പോഴും ജമാഅത്തിൽ വർദ്ധിച്ചുകൊണ്ടേയിരുന്നു. അല്ലാഹു നമ്മുടെ ന്യൂനതകൾ ഇപ്പോഴും മറച്ചു വെച്ചു കൊണ്ട് തന്റെ ഫള്ൽ ചൊരിഞ്ഞു കൊണ്ടിയിരിക്കുകയാണ്. അവൻ എപ്പോഴും ഫള്ൽ ചൊരിഞ്ഞു കൊണ്ടിരിക്കുന്നതാണ്. ശത്രുക്കളുടെ ഓരോ പയറ്റും വൃഥാവിലാകുകയും ചെയ്യുന്നു. ജമാഅത്ത് കൈവരിക്കുന്ന ഈ നേട്ടങ്ങളെല്ലാം ഇപ്പോൾ ശത്രുക്കളും കാണാൻ തുടങ്ങിയിട്ടുണ്ട്. ഈ വിജയങ്ങളെല്ലാം ലഭിക്കുവാനുള്ള കാരണം ഇതിനെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ആ മഹാത്മാവ് ഒരു സ്ഥലത്ത് അരുളുന്നു,' എന്നെ പിൻപറ്റുന്നവരിൽ ഒരു കാലം വരാനിരിക്കുന്നു. അന്ന് അവർക്ക് ഉയർച്ച മാത്രമായിരിക്കും ലഭിക്കുക. എന്നാൽ ഇത് സംഭവിക്കുന്നത് എന്റെ കാലത്തായിരിക്കുമോ അതോ എനിക്ക് ശേഷമായിരിക്കുമോ എന്ന അറിവ് നൽകിയിട്ടില്ല. അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിട്ടുണ്ട്; "രാജാക്കന്മാർ നിന്റെ വസ്ത്രങ്ങ ളിൽനിന്ന് അനുഗ്രഹങ്ങൾ തേടുന്നതാണ്. ഈ കാര്യം പൂർത്തിയാകാനുള്ളതാണ്". ദരിദ്രരായവരെ തനിക്കായി ആദ്യം തെരഞ്ഞെടുക്കുക എന്നത് അല്ലാഹുവിന്റെ സുന്നത്താണ്. പിന്നീട് അവർക്ക് വിജയവും ഉയർച്ചയും ലഭിക്കുന്നു. നമ്മേ പിൻപറ്റുന്നവർ ധനവാന്മാരായി ത്തീരും എന്നതിൽ എനിക്ക് ഒട്ടും അത്ഭുതമില്ല. ഇവർ ധനവാന്മാരായിത്തീരുക തന്നെ ചെയ്യും. എന്നാൽ ഇവർ ധനവാന്മാരായിക്കഴിഞ്ഞാൽ മറ്റുള്ളവരെപ്പോലെ ദീനിനെ മറക്കുകയും ദുൻയാവിന് മുൻഗണന നൽകുന്നവരുമായി ത്തീരുമോ എന്ന ആശങ്ക മാത്രമേ എനിക്കുള്ളൂ."

ജമാഅത്തിന് ഉന്നതി തീർച്ചയായും ലഭിക്കും, ഇൻശാ അല്ലാഹ്. എന്നാൽ ഈ ഉയർച്ചയുടെ കാലത്ത് ദുൻയാവിനെ ദീനിനേക്കാൾ മുന്തിക്കുമോ എന്ന ഭയമേ ഉള്ളൂ. അങ്ങിനെ അല്ലാഹുവിനെ മറന്നുകളയുമോ എന്നതാണ് ആശങ്ക. അല്ലാഹു ഓരോ അഹ്മദിക്കും അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. തന്റെ ജമാഅത്തിനെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)നുള്ള പ്രതീക്ഷക്കനുസരിച്ച് ഓരോരുത്തർക്കും ഉയരാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. ആ മഹാത്മാവ് ഭയപ്പെട്ട എല്ലാവിധ ദുഷ്പ്രവർത്തനങ്ങളിൽനിന്നും ആശങ്കകളിൽനിന്നും ജമാഅത്തിനെ അല്ലാഹു സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നാം എപ്പോഴും ആ മഹാത്മാവിന്റെ ദുആയുടെ അനന്തരാവകാശികളുമാറാകട്ടെ. അല്ലാഹു അങ്ങിനെ തന്നെ ആക്കുമാറാകട്ടെ.

**വിവർത്തനം**: എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം **PHONE : 94461 51197**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

KHUTHBA: HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V on 06 -03 - 2009
at Baithul Futuh,UK